(ബി) 245.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഹഡ്കോയിൽനിന്നും വായ്പ ലഭ്യമാക്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ ഈടായി നൽകിയിട്ടുണ്ട്. വായ്പ ലഭ്യമാക്കി പുറത്തിറക്കിയ ബസ്സുകൾ ഹൈപ്പോത്തിക്കേറ്റ് ചെയ്ത് ഹഡ്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഹഡ്കോയിൽ നിന്നുള്ള വായ്പ 7 വർഷം തിരിച്ചടവ് കാലാവധിയുള്ളതാണ്. വായ്പയുടെ നിലവിലെ പലിശ നിരക്ക് 11.25 ശതമാനമാണ്. കെ.എസ്.റ്റി 133 -ൽ നിന്നും 5 വർഷം തിരിച്ചടവ് കാലാവധിയിലും 11 ശതമാനം പലിശ നിരക്കിലുമാണ് വായ്പയെടുത്തിട്ടുള്ളത്.

ഒത്തുതീർപ്പ് വ്യവസ്ഥകൾ

271 (1976) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടേറിയറ്റ് നടയിൽ നടത്തിവന്ന രാപകൽ സത്യാഗ്രഹ സമരം ഒത്തുതീർപ്പാക്കുന്നതിന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; പെൻഷൻ വിതരണത്തിന് പ്രതിമാസം എത്ര കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകുമെന്നായിരുന്നു തീരുമാനം ; ആയതുപ്രകാരം ഇക്കഴിഞ്ഞ മാസങ്ങളിൽ സർക്കാരും കെ.എസ്.ആർ.ടി.സി.-യും ട്രഷറിയിൽ നിക്ഷേപിച്ച തുക എത്ര ; വിശദമാക്കാമോ ;

ഉത്തരം

(എ) യോഗ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) യോഗത്തിലെ തീരുമാനങ്ങൾ KSRTC നടപ്പാക്കിവരുന്നു. പെൻഷൻ വിതരണത്തിനായി ഓരോ മാസവും KSRTC ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആനുപാതികമായ തുക (പരമാവധി 20 കോടി രൂപ) നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം ഏപ്രിൽ മാസം KSRTC 14.40 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചു. തുല്യമായ വിഹിതം കൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ KSRTC-ക്ക്അനുവദിച്ചു നൽകി. മെയ് മാസം KSRTC 20 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചു തുല്യമായ തുക സർക്കാർ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2013-14 വരെ കോർപ്പറേഷൻ സർക്കാരിൽ നിന്നും വായ്പയെടുത്ത 1090.50 കോടി രൂപ ഇക്വിറ്റി ആക്കുന്ന കാര്യം പരിശോധനയിലാണ്. എറണാകുളം ജില്ലാ ബാങ്കിൽ നിന്നും 300 കോടി രൂപ വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. കൂടാതെ യോഗ തീരുമാനപ്രകാരമുള്ള 22 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ശമ്പളം കൃത്യമായി വിതരണം ചെയ്യുന്നു. KTDFC-യിൽ നിന്നുമെടുത്ത ഹ്രസ്വകാല വായ്പ ദീർഘകാല വായ്പയാക്കി മാറ്റുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ഗതാഗത വകുപ്പിന്റെ മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

272 (1977) ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ഗതാഗത വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

മാവേലിക്കര കെ.എസ്.ആർ.ടി.സി. റീജയണൽ വർക്ക് ഷോപ്പിൽ ഗ്യാരേജിലെ യാർഡ് മെറ്റലിംഗ്, ടാറിംഗ് നടത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഓഫീസ് കെട്ടിടം നവീകരിക്കുകയും മേൽക്കൂര പണിയുകയും ചെയ്തിട്ടുണ്ട്.

അടൂർ/പന്തളം ഡിപ്പോകൾക്ക് ലോഫ്ലോർ ബസുകൾ

273 (1978) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വാങ്ങിയിട്ടുള്ള ലോഫ്ലോർ ബസുകളുടെ എണ്ണം നിയോജക മണ്ഡലം തിരിച്ച് അറിയിക്കാമോ ;

(ബി) ഏതെല്ലാം ഡിപ്പോകൾക്കാണ് ഇവ നൽകിയിട്ടുള്ളത്, ആയവയുടെ എണ്ണം സൂചിപ്പിക്കുന്ന പട്ടിക സഹിതം വിവരം ലഭ്യമാക്കാമോ ;

(സി) അടൂർ നിയോജക മണ്ഡലത്തിലുള്ള അടൂർ, പന്തളം ഡിപ്പോകൾക്ക് ലോഫ്ലോർ ബസുകൾ അനുവദിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന്മേൽ അനുകൂല നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള തടസ്സം എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ഇ) സമയബന്ധിതമായി അടൂർ/പന്തളം ഡിപ്പോകൾക്ക് ലോഫ്ലോർ ബസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly